**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3402** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക അനുബന്ധ പ്രോസസിംഗ് യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക അനുബന്ധ പ്രോസസിംഗ് യൂണിറ്റുകൾ വിപുലമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കാർഷിക മൂല്യ വർദ്ധിത ഉല്പ്പാന്നങ്ങളുടെ സംസ്കരണത്തിനും, വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകി വരുന്നുണ്ട്. |
| (ബി) | കർഷകർക്ക് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കൃഷിയിൽ നിന്ന് കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | കർഷകരുടെ വരുമാനം വർദ്ധിപ്പി ക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ എസ്.എഫ്.എ.സി വഴി നടപ്പിലാക്കി വരുന്നുണ്ട്. സംരംഭം മൂലധന നിക്ഷേപം സബ്സിഡി 1) സൂക്ഷ്മതല സംരംഭം 25 ലക്ഷം രൂപ വരെയുള്ള സംരംഭം 50% പരമാവധി 10 ലക്ഷം 2) ചെറുകിട സംരംഭം 25 ലക്ഷം മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം 40% പരമാവധി 25 ലക്ഷം 3) ഇടത്തരം സംരംഭം 1 കോടി മുതൽ 5 കോടി രൂപ വരെയുള്ള സംരംഭം 30% പരമാവധി 50 ലക്ഷം ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ, ഉത്പാദനം, വായ്പ, വിപണനം, തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ എസ്.എഫ്.എ.സി. യുടെ കീഴിൽ 50 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ 50 എഫ്.പി.ഒ.-കളുടെ ശാക്തീകരണവും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നു. നിലവിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 20 എഫ്.പി.ഒ.-കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് വഴി കാര്ഷിടക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും എഫ്.പി.ഒ.-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയേയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയാണ്. നാളികേരം, പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ